# പ്രവാസി യുവജനങ്ങൾക്കായുള്ള എംഇഎയുടെ 'ഇന്ത്യയെ അറിയുക പ്രോഗ്രാം' 20 വർഷം പൂർത്തിയാക്കുന്നു

ഡിസംബർ 29, 2023

വിദേശകാര്യ മന്ത്രാലയത്തിൽ ഇന്ന് നടന്ന ഇന്ത്യയെ അറിയുക പരിപാടിയുടെ (കെഐപി) 70-ആം പതിപ്പിന്റെ സമാപന സെഷനെ അഭിസംബോധന ചെയ്ത് സെക്രട്ടറി ശ്രീ. മുക്തേഷ് കെ പർദേശി (സിപിവി – ഒഐഎ) സംസാരിച്ചു. 2023 ഡിസംബർ 11-29 തീയതികളിൽ നടന്ന ഇന്ത്യയെ അറിയുക പ്രോഗ്രാമിന്റെ 70-ആം പതിപ്പിൽ ഫിജി, മൗറീഷ്യസ്, ട്രിനിഡാഡ് ആൻഡ് ടുബാഗോ, സുറിനാം, ശ്രീലങ്ക, ദക്ഷിണാഫ്രിക്ക, മ്യാന്മാർ, മലേഷ്യ, കൊളംബിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള 34 പേർ പങ്കെടുത്തു.

2. ഇന്ത്യയെ അറിയുക പ്രോഗ്രാം 20 വർഷങ്ങൾ എന്ന നിർണ്ണായകമായ നാഴികക്കല്ല് പിന്നിടുകയാണ്. നീണ്ടവർഷങ്ങളായി മുടക്കമില്ലാതെ തുടരുന്ന ഭാരത സർക്കാരിന്റെ പ്രവാസി പരിപാടികളിൽ ഒന്നാണിത്. പ്രവാസി ഇന്ത്യൻ യുവജനതയും അവരുടെ പൂർവിക മാതൃരാജ്യവും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുക എന്ന പ്രാഥമികമായ ലക്ഷ്യത്തോടെ 2003-ൽ ആണ് പരിപാടിക്ക് തുടക്കം കുറിച്ചത്. മൂന്നാഴ്ചത്തെ പ്രോഗ്രാമിൽ ഇന്ത്യയുടെ ചരിത്രവും സംസ്കാര പാരമ്പര്യവും പ്രവാസി യുവജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ആധുനിക ഇന്ത്യയുടെ വളർച്ചയും വികസനവും സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.

3. കഴിഞ്ഞ 20 വർഷത്തിനിടയിൽ, 53 രാജ്യങ്ങളിൽ നിന്നുള്ള 2513 പ്രവാസി യുവജനങ്ങൾ വിവിധ കെഐപി പതിപ്പുകളിൽ പങ്കെടുക്കുകയുണ്ടായി. ദക്ഷിണാഫ്രിക്ക, ഫിജി, മൗറീഷ്യസ്, ട്രിനിഡാഡ് ആൻഡ് ടുബാഗോ, ഗയാന, സുരിനാം, മ്യാന്മാർ, ഓസ്ട്രേലിയ, ഇസ്രായേൽ, ഫ്രാൻസ്, മലേഷ്യ, നെതർലാൻഡ്സ്, ന്യൂസിലാൻഡ്, റീയൂണിയൻ ഐലൻഡ്, ശ്രീലങ്ക, കാനഡ, ഇംഗ്ലണ്ട്, അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രവാസി യുവജനങ്ങളുടെ വലിയ പങ്കാളിത്തം ഉണ്ടായി.

4. എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള ഇന്ത്യൻ വംശജരായ വ്യക്തികൾക്ക് (21-35 വയസുള്ളവർ) വേണ്ടിയുള്ള പരിപാടിയാണ് ഇന്ത്യയെ അറിയുക പ്രോഗ്രാം. ഗിർമിതിയ രാജ്യങ്ങളിൽ നിന്നുള്ള യുവജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകുന്നുണ്ട്. പങ്കെടുക്കാൻ

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് റിട്ടേൺ എയർ ടിക്കറ്റുകളും (വിമാനക്കൂലിയുടെ 10% പങ്കെടുക്കുന്നവർ വഹിക്കണം) താമസ, യാത്രാ സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവയും പ്രോഗ്രാമിന്റെ ഭാഗമായി ലഭ്യമാക്കും.

5. പ്രോഗ്രാമിന്റെ കാര്യപരിപാടിൽ ഉൾപ്പെടുന്ന പ്രധാനപ്പെട്ട ചിലതിൽ ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, യോഗ, ആയുർവേദം, ക്ലാസിക്കൽ മ്യൂസിക്ക്, നൃത്തം എന്നിവ മനസ്സിലാക്കൽ, പാർലമെന്റ്, തിരഞ്ഞെടുപ്പ് കമ്മീഷൻ, രാഷ്ട്രപതി ഭവൻ എന്നിവ പോലുള്ള ജനാധിപത്യ-ഭരണനിർവഹണ കേന്ദ്രങ്ങൾ സന്ദർശിക്കൽ, മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സംവദിക്കൽ, ഡിജിറ്റൽ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ പോലുള്ള സുപ്രധാന പദ്ധതികൾ പരിചയപ്പെടൽ, നിർമ്മാണ-സേവന മേഖലകളിലെ ഇന്ത്യയുടെ കരുത്ത് തിരിച്ചറിയുന്നതിന് വ്യവസായ സൈറ്റുകളും പൊതു-സ്വകാര്യ സ്ഥാപനങ്ങളും സന്ദർശിക്കൽ എന്നിവ ഉൾപ്പെടുന്നു.

6. ഇന്ത്യയെ അറിയുക പ്രോഗ്രാമിന്റെ 71-ആം പതിപ്പ് 2024 ജനുവരി 3-19 തീയതികളിൽ നടക്കും.

**ന്യൂഡൽഹി**
**ഡിസംബർ 29, 2023**